# അടൂർനഗരസഭ
# ഖര – ദ്രവമാലിന്യ പരിപാലനം സംബന്ധിച്ച ഉപനിയമങ്ങൾക്കായുള്ള വിജ്ഞാപനം

## പ്രാബല്യം : 2018 ജനുവരി 1 മുതൽ

**ഉദ്ദേശലക്ഷ്യങ്ങൾ :-**

മാലിന്യശേഖരണവും അത് കൈകാര്യം ചെയ്യലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭയിൽ നിക്ഷിപ്തവുമായ ചുമതല ആയതിനാലും അത് 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൽ കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടത് ആവശ്യമായതിനാലും, പ്ലാസ്റ്റിക് മാലിന്യങ്ങൾ 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതായതിനാലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 567(33) വകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലിൽ നിക്ഷിപ്തമായ അധികാരത്താലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും അപകടകാരികളായ വ്യവസായ മാലിന്യങ്ങളും, ബയോ മെഡിക്കൽ മാലിന്യങ്ങളും 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൽ കീഴിൽ രൂപപ്പെടുത്തപ്പെട്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതിനാലും സമൂഹത്തിൽ ഫലപ്രദമായ ഒരു പ്ലാസ്റ്റിക് – ഖര-ദ്രവ മാലിന്യ മാനേജ്മെന്റ് പദ്ധതിയും, സംസ്ക്കാരവും രൂപപ്പെടുത്തുവാനും ശരിയായ നിയമങ്ങളും നിർമ്മാണവും നടപ്പിൽ വരുത്തലും നിലവിലുള്ള ഖര-ദ്രവമാലിന്യ സംസ്ക്കരണ രീതികളും ഉടമ്പടികളും നടപടിക്രമങ്ങളും ഭദ്രമായി നവീകരിക്കുന്നത് മുതൽ ക്രിയാത്മകമായ ജനപങ്കാളിത്തം ഉറപ്പാക്കുന്നതുവരെയുള്ള എല്ലാം ഉൾക്കൊള്ളുന്ന ഒരുനയം തന്നെ നഗരസഭക്ക് ആവശ്യമെന്ന് കാണുകയാലും നഗരസഭാ മേഖലയിലെ താമസക്കാരും, വ്യാപാരികളും, വ്യവസായികളും ഉൾപ്പെടുന്ന പൗരസമൂഹം നഗരത്തെ വൃത്തിയായി സൂക്ഷിക്കുന്നതിനും, മാലിന്യങ്ങൾ പൊതുനിരത്തുകളിൽ വലിച്ചെറിയാതിരിക്കുന്നതിനും മാലിന്യം വേർതിരിച്ചു നൽകൽ, മാലിന്യം വേർതിരിച്ചു നൽകൽ, ഉറവിടത്തിൽ തന്നെയുള്ള മാലിന്യസംസ്ക്കരണം എന്നീ കാര്യങ്ങളിൽ ജാഗ്രത കാട്ടുന്നില്ല എന്നതിനാലും നഗരസഭയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് അടൂർ നഗരസഭയ്ക്കുവേണ്ടി മുനിസിപ്പൽ സെക്രട്ടറി മാലിന്യം പൊതുനിരത്തിൽ നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ടും, മാലിന്യം വേർതിരിച്ച് സൂക്ഷിക്കുകയും കൈമാറുകയും ശേഖരിക്കുകയും ചെയ്യണമെന്ന് നിർബന്ധമാക്കിക്കൊണ്ടും, ദ്രവ-ഖരമാലിന്യ സംസ്ക്കരണം നിർബന്ധമാക്കിയും ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**ഈ വിജ്ഞാപനത്തിന്റെ വിശാല ലക്ഷ്യങ്ങൾ :-**

1) പ്ലാസ്റ്റിക്-ഖര-ദ്രവമാലിന്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന രീതികൾ നഗരജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിക്കൊണ്ടും നവീകരിക്കൽ.
2) വൃത്തിയും, മികച്ച ആരോഗ്യ നിലവാരങ്ങളുമുള്ള ഒരു നഗര സമൂഹസൃഷ്ടി.
3) പൊതുസ്ഥലങ്ങൾ സമ്പൂർണ്ണമായും മാലിന്യ വിമുക്തമാക്കൽ.

4) പ്രദേശത്തിന്റെ പ്രമുഖ ജലസ്രോതസ്സുകളായ അടൂർ വലിയതോടിന്റെ മലിനീകരണം തടയലും സംരക്ഷണവും ഒപ്പം മറ്റ് ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും.

5) പരമാവധി മാലിന്യം പുനചംക്രമണം ചെയ്യൽ.

6) പരമാവധി ജൈവ ദ്രവമാലിന്യം പ്രാദേശിക സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്ക്കരിക്കൽ.

7) മാലിന്യ സംസ്ക്കരണ കേന്ദ്രത്തിലേക്ക് പരമാവധി കുറച്ച് മാലിന്യങ്ങൾ മാത്രം എത്തിക്കാവുന്ന രീതിയിൽ ഉപഭോഗശീലങ്ങൾ ക്രമപ്പെടുത്തൽ.

8) ഖരമാലിന്യങ്ങൾ അടിഞ്ഞ് ഓടകളും മറ്റ് ജല നിർഗ്ഗമന മാർഗ്ഗങ്ങളും ഉപയോഗശൂന്യ മാകുന്നതും, വെള്ളക്കെട്ടുണ്ടാകുന്നതു തടയലും.

9) ഇക്കാര്യത്തിലുള്ള ജനകീയാവബോധം വർദ്ധിപ്പിക്കൽ.

10) മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ നഗരസഭയുടെ നീക്കങ്ങൾ സുതാര്യമാക്കൽ.

11) നഗരസഭയിലെ ജനകീയ പ്രസ്ഥാനങ്ങൾ, ഇതര സ്ഥാപന-സംഘടന സഹകരണം ഉറപ്പാക്കൽ.

12) മാലിന്യങ്ങൾ പരമാവധി അവയുടെ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുവാനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കുക.

13) നഗരസഭാ കൗൺസിലർമാരുടെ പ്രവർത്തന നേതൃത്വം വാർഡ് തലത്തിൽ ഇക്കാര്യത്തിൽ ഉറപ്പുവരുത്തൽ.

14) റസിഡൻസ് അസോസിയേഷനുകളുടെയും സഹകരണം നിയമപരിപാലനത്തിൽ ഉറപ്പാക്കൽ.

15) ഇക്കാര്യത്തിൽ നിർദ്ദേശിക്കപ്പെടുന്ന നിയമങ്ങളുടെ ലംഘനത്തിന് ഉചിതമായ ശിക്ഷ നിയമാനുസൃതമാക്കി പ്രഖ്യാപിക്കൽ.

1) **<u>പേരും നിലവിൽ വരുന്ന തീയതിയും :-</u>**

(എ) പ്ലാസ്റ്റിക്-ഖര-ദ്രവമാലിന്യ പരിപാലന നിയമങ്ങൾ 2016.

(ബി) ഈ നിയമങ്ങൾ ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പ്രകാരം 2017 ഏപ്രിൽ മാസം 1 -ാം തിയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2) **<u>വിജ്ഞാപനത്തിന്റെ പ്രയോഗപരിധി :-</u>**

അടൂർ നഗരസഭയിലെ മുഴുവൻ പൊതുസ്ഥലങ്ങളും മുഴുവൻ വാസസ്ഥലങ്ങളും വ്യാപാര വ്യവസായ കേന്ദ്രങ്ങളും ഇതര സ്ഥലങ്ങളും.

3) **<u>നിർവ്വചനങ്ങൾ :-</u>**

1) **<u>അടൂർ നഗരസഭ :-</u>** അടൂർ നഗരസഭയും ആവശ്യമായ സാഹചര്യങ്ങളിൽ നഗരസഭയുടെ പ്രതിനിധികളും.

2) **<u>മുനിസിപ്പൽ സെക്രട്ടറി :-</u>** നഗരസഭാ സെക്രട്ടറിയോ മുനിസിപ്പൽ ആക്ട് പ്രകാരം സെക്രട്ടറിയുടെ അധികാരങ്ങൾ നൽകി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും.

3) **<u>ഹെൽത്ത് ഇൻസ്പെക്ടർ :-</u>** അടൂർ നഗരസഭയിലെ ഹെൽത്ത് ഓഫീസിലെ ആരോഗ്യവിഭാഗം അധികാരിയെയാണ് ഈ പദം കൊണ്ട് വിവക്ഷിക്കുന്നത്.

4) **<u>ടെക്നിക്കൽ ഓഫീസർ :-</u>** ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുവാനും നിയമ ലംഘനങ്ങൾ നിരീക്ഷിച്ച് ആയതിന് പിഴയീടാക്കുന്നതിനുമായി അടൂർനഗരസഭയിലെ സെക്രട്ടറി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ.

5) **<u>വാർഡ് :-</u>** ഭരണപരമായ സൗകര്യത്തിനായി വിഭജിച്ചിട്ടുള്ള അടൂർനഗരസഭയുടെ പരിധിയിലുള്ള സ്ഥലം.

6) **<u>വാർഡ് സാനിട്ടേഷൻ കമ്മിറ്റി :-</u>** ഒരു വാർഡിലെ ശുചിത്വം സ്ഥിരമായി പരിശോധിക്കുകയും, റിപ്പോർട്ടുകൾ നൽകുകയും ശുചീകരണ സംഘത്തിന്റെ ഭാഗമായി അവർക്ക് നിർദ്ദേശം നൽകുകയും, മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയും അവ പുനചംക്രമണം ചെയ്ത് വീണ്ടും ഉപയോഗിക്കുവാനുമുള്ള നേതൃത്വം ഏറ്റെടുക്കു ന്നതിനായി വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ NHM, കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നിവരുടെ പ്രതിനിധികൾ മറ്റ് സാങ്കേതിക വിദ്ഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട വാർഡ് കമ്മിറ്റി.

7) **<u>ജൈവ വിഘടിത മാലിന്യങ്ങൾ :-</u>** സസ്യങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്നും ലഭ്യമാകുന്ന മാലിന്യങ്ങളാണിവ. ഉദാ:- അടുക്കള മാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ, പച്ചക്കറി, മത്സ്യം, മാംസം എന്നിവയുടെ അവശിഷ്ടങ്ങൾ എന്നിവ.

8) **<u>ആശുപത്രി മാലിന്യങ്ങൾ :-</u>** ചികിത്സ പ്രതിരോധ പ്രവർത്തനങ്ങൾ, രോഗ നിർണ്ണയം തുടങ്ങിയവ നടത്തുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ.

9) **<u>ബൾക്ക് ജനറേറ്റർ :-</u>** അഞ്ചോ അതിലധികമോ വീടുകൾ, പൊതുസ്വകാര്യ ക്വാട്ടേഴ്സുകൾ /ഘടകങ്ങൾ ഉള്ള ഹൗസിംഗ് സൊസൈറ്റികളുടെയോ, റസിഡൻസ് അസോസിയേഷനുകളെയോ, ഫ്ളാറ്റുകൾ, അപ്പാർട്ടുമെന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകളുടെയോ, ഉടമകളെയോ കൈവശക്കാരനെയോ, അല്ലെങ്കിൽ അവരുടെ പ്രതിനിധിയെയോ ബൾക്ക് ജനറേറ്റർ എന്നു പറയുന്നു. അതുകൂടാതെ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറാൽ പ്രത്യേകം നിർവ്വചിക്കപ്പെടുന്ന പൊതു-സ്വകാര്യ സ്ഥാപനങ്ങളും ഇതിന്റെ പരിധിയിൽ വരുന്നതാണ്.

10) **<u>ഏജൻസി/ഏജന്റ് :-</u>** പരസ്പരമുള്ള കരാർ അടിസ്ഥാനത്തിൽ നഗരസഭക്കുവേണ്ടി ഒരു വ്യക്തിയോ/സ്ഥാപനങ്ങളോ തെരുവുകൾ വൃത്തിയാക്കുക, മാലിന്യങ്ങൾ ശേഖരിക്കുക, നികുതികൾ പിരിക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്നെങ്കിൽ അവയെ ഏജൻസി/ഏജന്റ് എന്നു പറയുന്നു.

11) **<u>ബയോ മീഥെയ്നേഷൻ:-</u>** സൂഷ്മാണുക്കളെ ഉപയോഗിച്ച് ജൈവ പദാർത്ഥങ്ങൾ വിഘടിപ്പിച്ച് മീഥെയ്ൻ ഉൾപ്പെടുന്ന ജൈവ വാതകങ്ങൾ ഉൽപാദിപ്പിക്കുന്ന പ്രക്രിയ.

12) **<u>വെയ്സ്റ്റ് ഫ്രീസോൺ:-</u>** ഉയർന്ന നിലവാരത്തിലുള്ള ശുചിത്വം എപ്പോഴും ഉണ്ടായിരിക്കുന്നതിനും, മാലിന്യങ്ങൾ ഒട്ടും തന്നെ ഇല്ലാതിരിക്കുന്നതിനും കൗൺസിലിനുവേണ്ടി സെക്രട്ടറി വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ള പൊതുവഴികൾ, ഏതെങ്കിലും പൊതുസ്ഥലങ്ങൾ, കെട്ടിടങ്ങൾ ഇവ മൂന്നും ഉൾപ്പെട്ടിട്ടുള്ള മേഖലകൾ, ഹെറിട്ടേജ് സോൺ, ടൂറിസം കേന്ദ്രങ്ങൾ എന്നിവക്ക് വെയ്സ്റ്റ് ഫ്രീസോൺ എന്ന് പറയുന്നു.

13) **<u>കെട്ടിട നിർമ്മാണ സാമഗ്രികൾ നിന്നുമുള്ള മാലിന്യം:-</u>** കെട്ടിടങ്ങൾ നിർമ്മിക്കുക, നന്നാക്കുക, പൊളിക്കുക എന്നീ സമയത്ത് ഉണ്ടാകുന്ന നിർമ്മാണ സാമഗ്രികളിൽ നിന്നുണ്ടാകുന്ന അപകടകരമല്ലാത്ത മാലിന്യങ്ങൾ.

14) **<u>ഉദ്യാന പരിപാലനത്തിൽ നിന്നുണ്ടാകുന്ന മാലിന്യം:-</u>** പൂന്തോട്ടത്തിൽ നിന്നും ഉണ്ടാകുന്ന, കൊഴിഞ്ഞ ഇലകൾ, പൂക്കൾ, ശിഖരങ്ങൾ, തടി കഷ്ണങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

15) **<u>മാലിന്യ ഉൽപാദകൻ:-</u>** അടൂർനഗരസഭയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന വ്യക്തി.

16) **<u>അപകടകരമായ മാലിന്യം :-</u>** തീ പിടിക്കുന്നതും, പ്രതികരണ ശേഷിയുള്ളതും, ചില സാഹചര്യങ്ങളിൽ പൊട്ടിതെറിക്കാവുന്നതുമായ മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്.

17) **<u>ലിറ്ററിംഗ്:-</u>** ഗാർഹികമോ, വാണിജ്യപരമോ ആയ ഖര, ദ്രവ്യമാലിന്യങ്ങൾ ഒരു പൊതു സ്ഥലത്ത് നിക്ഷേപിക്കപ്പെട്ട് അതിന്റെ ആകൃതിയോ, വലിപ്പമോ, സ്വഭാവമോ, അളവോ മൂലം എന്തെങ്കിലും ശല്യമുണ്ടാവുകയോ ആ സ്ഥലത്തെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ പറ്റാതെ വരുകയും ചെയ്യുന്നുവെങ്കിൽ അതിനെ ലിറ്ററിംഗ് എന്നു പറയുന്നു.

18) **<u>നഗരമാലിന്യം:</u>** അടൂർനഗരസഭയുടെ പരിധിയിൽ ഉൽഭവിച്ചിട്ടുള്ള അപകടകരമായ വ്യവസായിക, ആശുപത്രി മാലിന്യം ഒഴിച്ചുള്ള ഗാർഹികമോ, വാണിജ്യപരമോ ആയ ഖര അർദ്ധ ഖര അവസ്ഥയിലുള്ള മാലിന്യങ്ങളും ട്രീറ്റ് ചെയ്ത ആശുപത്രി മാലിന്യങ്ങളും.

19) **<u>പ്ലാസ്റ്റിക് മാലിന്യം:-</u>** 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ 3 നിർവ്വചന പ്രകാരമുള്ള മാലിന്യം.

20) **<u>ജഡാവസ്ഥയിലുള്ള ഖരമാലിന്യം:-</u>** സാനിട്ടറി ലാന്റ് ഫില്ലിംഗിന് ഉപയോഗിക്കാവുന്ന ഏതുതരം ഖരമാലിന്യവും ഈ വിഭാഗത്തിൽ പെടുന്നു.

21) **<u>പ്രക്രിയ:-</u>** ഖരമാലിന്യം വീണ്ടും ഉപയോഗിക്കാവുന്ന വിധത്തിൽ പുനചംക്രമണം ചെയ്യുകയോ, ലാന്റ് ഫില്ലിംഗിന് പറ്റിയ രീതിയിൽ മാറ്റിയെടുക്കുകയോ ചെയ്യുന്ന ശാസ്ത്രീയ രീതി.

22) **<u>പുനചംക്രമണം (റീ-സൈക്ലിംഗ്) :-</u>** വേർതിരിച്ചെടുത്ത ജൈവ വിഘടിതമാകാത്ത ഖരമാലിന്യം പുതിയ ഉൽപ്പന്നങ്ങൾക്കായുള്ള അസംസ്കൃത വസ്തുക്കളായി മാറ്റിയെടുക്കുന്ന പ്രക്രിയ.

23) **<u>വേർതിരിക്കൽ:-</u>** നഗരമാലിന്യം, ജൈവ വിഘടിത മാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ, ആശുപത്രി മാലിന്യം, അപകടകരമായത്, നിർമ്മാണാവശിഷ്ടങ്ങൾ എന്നിങ്ങനെ വേർതിരിക്കുക.

24) **സംഭരണം:-** അധികമായി ദുർഗന്ധം വമിക്കാതെ, തെരുവ് മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും അകറ്റി അലക്ഷ്യമായി നിക്ഷേപങ്ങൾ തടഞ്ഞ് നഗരമാലിന്യം തൽക്കാലികമായി ശേഖരിക്കുന്നതിനെ സംഭരണം എന്നു പറയുന്നു.

25) **സംഭരണികൾ:-** നഗരമാലിന്യങ്ങൾ ശേഖരിക്കുവാൻ ഉപയോഗിക്കുന്ന ബക്കറ്റുകൾ, ബിന്നുകൾ, കണ്ടെയ്നറുകൾ മുതലായവ.

26) **റിമൂവൽ ചാർജസ്:-** മാലിന്യഉൽപ്പാദക കേന്ദ്രങ്ങളിൽ നിന്നും മാലിന്യം നീക്കം ചെയ്യുവാൻ അടൂർനഗരസഭ ഈടാക്കുന്ന നിരക്കാണിത്. മാലിന്യ നീക്കത്തിന് വ്യാപാര കേന്ദ്രങ്ങൾക്കും, വീടുകൾക്കും ചുമത്താവുന്ന നിരക്കുകളും ഇതിൽ ഉൾപ്പെടുന്നു.

27) **മാലിന്യ ഉറവിടം:-** മാലിന്യത്തിന്റെ ഉറവിടം

28) **ഗതാഗതം:-** മാലിന്യം ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നത്

29) **പൊതുസ്ഥലം:-** പൊതുജനങ്ങൾക്ക് നടക്കുന്നതിന് അവകാശമുള്ള വഴികളും അവർക്ക് പ്രവേശനം അനുവദിക്കപ്പെട്ട സ്ഥലവും പുറമ്പോക്ക് ഭൂമിയും ഇതിൽ ഉൾപ്പെടുന്നു.

30) **ഡോർ ടു ഡോർ കളക്ഷൻ:-** അടൂർനഗരസഭയാൽ നിർദ്ദേശിക്കപ്പെട്ട കേന്ദ്രത്തിൽ നിന്നും നഗരത്തിലെ ഖരമാലിന്യം സംഭരിക്കുന്ന രീതിയാണിത്. ഇതിനുവേണ്ടി മാലിന്യം തരംതിരിച്ച് സംഭരിച്ച്, സൂക്ഷിച്ച് മാലിന്യം വണ്ടിയിലേക്ക് മാലിന്യ ഉൽപ്പാദകനോ/ശേഖരിക്കുന്ന വ്യക്തിയോ തന്നെ കൊണ്ടുവന്ന് നിക്ഷേപിക്കേണ്ടതാണ്.

**31) വ്യക്തി:-** വ്യക്തിയോ, വ്യക്തികളോ, കടയോ സ്ഥാപനമോ, കമ്പനികളോ സംഘടനകളോ അല്ലെങ്കിൽ അവയുടെ പ്രതിനിധികളോ വ്യക്തി എന്ന നിർവ്വചനത്തിൽ വരുന്നു.

32) **പുതിയ നിർമ്മാണങ്ങൾ:-** അടൂർനഗരസഭയിൽ എല്ലാ കെട്ടിടങ്ങളോടും അനുബന്ധിച്ച് ഖരദ്രവ മാലിന്യ യൂണിറ്റ് നിർബന്ധമാണ്. വിജ്ഞാപന തീയതിക്ക് ശേഷമുള്ള എല്ലാ നിർമ്മാണങ്ങളും പുതിയ നിർമ്മാണങ്ങളായി കണക്കാക്കുന്നതാണ്.

33) **ലാന്റ് ഫിൽ :-** ഖരമാലിന്യങ്ങളുടെ അവശിഷ്ട ഭാഗങ്ങൾ നിക്ഷേപിക്കുന്നതിനുള്ള നിർമ്മാർജ്ജന സ്ഥാനമാണ് ലാന്റ് ഫിൽ.

34) **ഉറവിടങ്ങളിൽ നിന്നുള്ള ശേഖരണം:-** ഒരു പുരയിടത്തിൽ നിന്നോ, കെട്ടിട സമുച്ചയങ്ങളിൽ നിന്നോ വ്യാപാര സ്ഥാപനങ്ങളിൽ നിന്നോ നഗരസഭ നേരിട്ട് മാലിന്യം ശേഖരിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകൾ ശേഖരിക്കുന്ന മാലിന്യവും ഈ ഗണത്തിൽ പെടുന്നു.

35) **വളം നിർമ്മാണം:-** സൂഷ്മാണുക്കളെ ഉപയോഗിച്ച് മാലിന്യങ്ങൾ വളമാക്കി മാറ്റുന്ന പ്രക്രിയ, മണ്ണിര കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, വിൻഡ്രോ കമ്പോസ്റ്റിംഗ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

4) **<u>നിരോധനങ്ങൾ :-</u>**

4-1 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ 4 സി പ്രകാരം 50 മൈക്രോണിൽ കുറവ് കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പാക്കിംഗ് സാമഗ്രികൾ മുതലായവ നിരോധിച്ചിട്ടുണ്ട്. യാതൊരു സ്ഥാപനവും ഉൽപ്പാദകന്റെ പേര്, രജിസ്ട്രേഷൻ നമ്പർ, ക്യാരി ബാഗിന്റെ കനം, എന്നിവ ഇംഗ്ലീഷിൽ രേഖപ്പെടുത്താത്ത ക്യാരി ബാഗുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യരുത്.

4-2 പുനചംക്രമണം ചെയ്തതോ കമ്പോസ്റ്റിബിളോ ആയ പ്ലാസ്റ്റിക് ഉപയോഗിച്ച് ഭക്ഷണ സാധനങ്ങൾ സംഭരിക്കാനോ പാക്ക് ചെയ്ത് വിൽക്കാനോ പാടില്ല.

4-3 ടുബാക്കോ മുതലായവ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിച്ചുള്ള കവറുകളിൽ (Satchets) സംഭരിക്കാനോ പാക്ക് ചെയ്യാനോ വിൽക്കാനോ പാടില്ല.

4-4 പൊതുസ്ഥലങ്ങളിൽ അതാതിനുവേണ്ടി ഏർപ്പെടുത്തപ്പെട്ട സ്ഥലങ്ങളിലൊഴികെ കുളിക്കുകയോ, വസ്ത്രം അലക്കുകയോ, തുപ്പുകയോ, മലമൂത്ര വിസർജ്ജനം നടത്തുകയോ, പക്ഷിമൃഗാദികളെ കശാപ്പു ചെയ്യുകയോ, തീററുകയോ, വാഹനങ്ങൾ കഴുകുകയോ ചെയ്യാൻ പാടില്ല.

4-5 തന്റെ അധീനതയിലുള്ള സ്ഥലമോ, വഴിയോ, വീടോ സ്ഥാപനമോ മാലിന്യ വിമുക്തമായി സൂക്ഷിക്കുവാനും ഖരമാലിന്യങ്ങളും സീവേജ് മാലിന്യങ്ങളും ഉൾപ്പെടെ അവിടെ നിക്ഷേപിക്കാതെ സൂക്ഷിക്കുവാനും ആവശ്യത്തിന് മാലിന്യ വീപ്പകൾ ഉപയോഗിക്കാനും ഓരോ പൗരനും ബാധ്യസ്ഥനാണ്.

4-6 ഖരദ്രവ, അർദ്ധ ഖരരൂപങ്ങളിലുള്ള ഒരു മാലിന്യവും ഈ നിയമം അനുശാസിക്കും പ്രകാരമല്ലാതെ ഒരു വ്യക്തിയും ജലാശയങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്വകാര്യ സ്ഥലത്തും ഈ വിജ്ഞാപനവും 2016–ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയും ആയത് അനുസരിച്ച് രൂപപ്പെടുത്തിയിട്ടുള്ള അനുബന്ധ ഉപനിയമങ്ങളും അനുസരിച്ചല്ലാതെ വലിച്ചെറിയാനോ പുറം തള്ളാനോ അങ്ങനെ ചെയ്യാൻ ഇടയാക്കാനോ പാടില്ല.

5) <u>**മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കലും, സംഭരിക്കലും, സംസ്ക്കരണവും :-**</u>

താഴെ പറയുന്ന ഏഴ് തരത്തിലുള്ള മാലിന്യങ്ങൾ അവ പുറന്തള്ളുന്നവർ തന്നെ തരംതിരിച്ച് നഗരസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് അവയുടെ ഉൽഭവസ്ഥാനത്തു തന്നെ സംഭരണത്തിനും സംസ്ക്കരണത്തിനും തയ്യാറാക്കേണ്ടതാണ്.

1. അഴുകുന്ന ജൈവ മാലിന്യങ്ങൾ
2. വീടുകളിലോ/സ്ഥാപനങ്ങളിലോ ഉപയോഗശേഷം പുറം തള്ളുന്ന അപകടകാരികളായ വസ്തുക്കൾ (ബൾബുകൾ, ബാറ്ററികൾ, ഉപയോഗിച്ച ശേഷം ബാക്കിയാവുന്ന മരുന്നുകൾ, സി.എഫ്.എൽ, ട്യൂബ് ലൈറ്റുകൾ മുതലായവ)
3. വീടുകളിലോ/സ്ഥാപനങ്ങളിലോ നിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ (രക്തം, മറ്റു ശരീര സ്രവങ്ങൾ, വിസർജ്ജ്യ വസ്തുക്കൾ മുതലായവ അടങ്ങിയ സാനിട്ടറി നാപ്കിനുകൾ, ബാൻഡേജുകൾ,ഡയപ്പറുകൾ, കോൺഡം എന്നിവ ഇവയിൽ ഉൾപ്പെടുന്നതാണ്.)
4. കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ
5. തൊടികളിൽ നിന്നും, ഉദ്യാനങ്ങളിൽ നിന്നും പുറന്തള്ളുന്ന സസ്യഭാഗങ്ങൾ
6. അഴുകാത്തതും റീസൈക്കിൾ ചെയ്യാവുന്നതും അല്ലാത്തതുമായ എല്ലാ മാലിന്യങ്ങളും, പ്ലാസ്റ്റിക് ഉൾപ്പെടെ.
7. ദ്രവ മാലിന്യങ്ങൾ.

5.1 ഖരമാലിന്യങ്ങൾ വേർതിരിച്ച് കൂടികലരാത്ത രീതിയിൽ ഉറവിടത്തിൽ തന്നെ സൂക്ഷിക്കേണ്ടതും സംഭരണ ചുമതലയുള്ളവരെ ഏല്പിക്കേണ്ടതുമാണ്. മാലിന്യങ്ങൾ വേർതിരിച്ച് നൽകാത്തത് കുറ്റകരമായി കണക്കാക്കപ്പെടുന്നതാണ്. മാലിന്യ സംഭരണ രീതികൾ, സ്ഥലം, സമയം കൈമാറേണ്ട വിധം, സംഭരണ പാത്രങ്ങളുടെ നിറം, വിവിധ തരം മാലി ന്യങ്ങളുടെ സംസ്ക്കരണം എന്നിവയെ സംബന്ധിച്ച് മുനിസിപ്പൽ സെക്രട്ടറി കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്നതാണ്.

5.2 അഴുകുന്ന ജൈവ മാലിന്യങ്ങൾ:- നഗരസഭാ പരിധിയിലെ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഇല്ലാത്ത വീട്ടുടമകൾ എല്ലാവരും മാലിന്യങ്ങൾ വേർതിരിച്ച് സംഭരിക്കുകയും അവ ശേഖരിക്കുന്നതിന് നിയോഗിക്കപ്പെടുന്നവർക്ക് കൈമാറുകയും ചെയ്യേണ്ടതാണ്. ഇതിനായി നഗരസഭ നിശ്ചയിക്കുന്ന തുക ടി വ്യക്തികൾ നൽകേണ്ടതാണ്.

5.3 കൂടുതൽ ഖര ദ്രവമാലിന്യങ്ങൾ പുറന്തള്ളേണ്ടി വരുന്ന സ്ഥാപനങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, കല്ല്യാണമണ്ഡപങ്ങൾ, ചന്തകൾ, ആശുപത്രി കാന്റീനുകൾ, മത്സ്യ മാംസ സംസ്ക്കരണ സ്ഥാപനങ്ങൾ, സ്വകാര്യ മാർക്കറ്റുകൾ എന്നിവക്ക് സ്വന്തമായി ഖര-ദ്രവമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉണ്ടായിരിക്കണമെന്ന് ഈ വിജ്ഞാപന പ്രകാരം വ്യവസ്ഥ ചെയ്യുന്നു. ഇത് നിർമ്മിക്കുന്നതും, നിലനിർത്തുന്നതും, ഈ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ചട്ടങ്ങളുടെ ഭാഗമായി നിർബന്ധിതമാക്കുകയും ചെയ്യുന്നു. ഫ്ളാറ്റുകൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ എന്നിവക്ക് ഖര ദ്രവ മാലിന്യസംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ നിർമ്മാണവേളയിൽ തന്നെ ഉണ്ടായിരിക്കണമെന്ന് ഈ വിജ്ഞാപനപ്രകാരം വ്യവസ്ഥ ചെയ്യുന്നു. അല്ലാത്ത പക്ഷം മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രവർത്തനാനുമതിയോ, ലൈസൻസോ, കെട്ടിടനമ്പറോ നല്കുന്നതല്ല.

5.4 വീടുകളിൽ നിന്നും, ബൾക്ക് ജനറേറ്റർ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന അപകടകാരികളായ പാഴ്വസ്തുക്കൾ, റീസൈക്കിൾ ചെയ്യാവുന്ന മറ്റു പാഴ്വസ്തുക്കൾ എന്നിവ ഹെൽത്ത് ഇൻസ്പെക്ടർ പ്രസിദ്ധപ്പെടുത്തുന്ന ഒരു ദിവസം ആഴ്ചതോറും നഗരസഭ നിയോഗിക്കുന്ന യാൾക്ക്/സംഭരണ തൊഴിലാളികൾക്ക് പ്രത്യേകം കൈമാറുവാൻ വീട്ടുടമ/ സ്ഥാപനാധികാരി ചുമതലപ്പെട്ടിരിക്കുന്നു.

5.5 ബയോമെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കാനും, സംസ്ക്കരിക്കു വാനും ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ലാബുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവർ ബാധ്യസ്ഥരാണ്. ഇവ ഇതര മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ കൊണ്ടുവന്ന് തള്ളുന്നത് കുറ്റകരമാണ്. ഇവ അപകട വിമുക്തമാക്കി നശിപ്പിക്കുന്നതിന് ഇവർ സ്വയം ശാസ്ത്രീയ

സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ അതിനായുള്ള ഇതര ഏജൻസികളെ ബന്ധപ്പെടുത്തി അവർ കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതാണ്.

5.6 അജൈവ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യാവുന്നവയും അല്ലാത്തവയും – തരംതിരിച്ച് സംഭരിക്കുവാനും അവ നഗരസഭാ ജീവനക്കാർ / അംഗീകൃത സംഭരണ ഏജൻസികൾ എന്നിവർക്ക് നിർദ്ദേശമനുസരിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ കൈമാറുവാനും ഓരോ പൗരനും ബാധ്യതയുണ്ട്.

5.7 നഗരസഭ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ ഉപയോഗിക്കുന്നവർ മാലിന്യം തരംതിരിച്ച് അതിനായി നിർദ്ദേശിക്കപ്പെടുന്ന ഏജൻസികൾക്കു തന്നെ കൈമാറേണ്ടതും, അവ അലക്ഷ്യമായി വലിച്ചെറിയുകയും ചെയ്യാൻ പാടില്ലാത്തതുമാണ്. ഇതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ പിഴശിക്ഷ ഈടാക്കാൻ കാരണമായ കുറ്റമായി കണക്കാക്കപ്പെടും.

5.8 മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലോ സ്വകാര്യ സ്ഥലങ്ങളിലോ വെച്ച് കത്തിക്കുന്നത് ശിക്ഷാർഹമാണ്. നഗരസഭയുടെ അനുമതി വാങ്ങി ഇൻസിനറേറ്റർ ഉപയോഗിച്ച് സംസ്ക്കരിക്കുവാൻ മറ്റു മാർഗ്ഗമില്ലാത്ത ചില പ്രത്യേക തരം മാലിന്യങ്ങൾ നശിപ്പിക്കുന്നതും, സ്വന്തം വീട്ടുവളപ്പിൽ പരാതിക്കിടവരാത്ത വിധം ഗാർഹിക ചവറുകൾ കത്തിക്കുന്നതും കുറ്റകരമായി കണക്കാക്കുന്നതല്ല. ഈ ചട്ടങ്ങളുടെ ലംഘനം പിഴ ഈടാക്കാൻ കാരണമാകുന്ന കുറ്റമായി കണക്കാക്കപ്പെടും.

5.9 വാഹന കോൺട്രാക്ടർമാർ/നഗരസഭാ ജീവനക്കാർ/ഏജന്റ് ഏജൻസി എന്നിവർ വേർതിരിച്ചു ലഭ്യമാക്കുന്ന മാലിന്യം സംഭരണ സമയത്തോ പിന്നീടോ മിശ്രണം ചെയ്യുകയോ, അനുശാസിക്കപ്പെട്ട സമയത്ത് മാലിന്യം സംഭരണം നടത്താതിരു ന്നാലോ പിഴയും, സർവ്വീസ് ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികളും സ്വീകരിക്കുന്നതാണ്.

5.10 കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ ആര് പുറന്തള്ളുന്നുവോ അവർ തന്നെ പ്രത്യേകം വേർതിരിച്ച് സ്വന്തം സ്ഥലത്ത് സൂക്ഷിക്കേണ്ടതും നഗരസഭയെ അറിയിച്ച് ആയത് സ്വയം സംസ്ക്കരിക്കേണ്ടതുമാണ്..

5.11 2016–ലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ മാനേജ്മെന്റ് റൂൾ 9(2) പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകൾ, മൾട്ടിലയേർസ് പ്ലാസ്റ്റിക് പൗച്ചസ്, പാക്കിംഗ് സാധനങ്ങൾ ഉൽപാദിപ്പിക്കുന്നവരും, ഉപയോഗിക്കുന്നവരും ആയവ ഉപയോഗത്തിനുശേഷം തിരിച്ചെടുക്കുകയും അവ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ സംസ്ക്കരിക്കുകയും വേണം. (EXTENDED PRODUCERS RESPONSIBILITY)

5.12 നഗരസഭയുടെ അധീനതയിലുള്ള മൈതാനങ്ങൾ, മറ്റ് പൊതു സ്ഥലങ്ങൾ എന്നിവ പൊതുപരിപാടികൾക്കും, മേളകൾക്കുമായി ഉപയോഗിക്കുന്നവർ മാലിന്യ സംസ്ക്കരണത്തിനു വേണ്ടി നഗരസഭാസെക്രട്ടറി നിശ്ചയിക്കുന്ന ഫീസ് മുൻകൂറായി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

## 6 നഗരസഭയുടെ ചുമതലകൾ :-

നഗരത്തിലെ പ്ലാസ്റ്റിക്-ഖര-ദ്രവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നഗരസഭക്ക് ചുമതലയുണ്ട്.

1) പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതും, സംഭരിക്കുന്നതും വേർതിരിക്കുന്നതും കൊണ്ടുപോകുന്നതും സുരക്ഷിതമായ രീതിയിലാണെന്ന് ഉറപ്പുവരുത്തുക.

2) പ്ലാസ്റ്റിക് ഉൽപ്പാദകരെ ഉൾപ്പെടുത്തി സംഭരണ സെന്ററുകൾ സ്ഥാപിക്കുക.

3) ഇപ്രകാരം സംഭരിച്ച പ്ലാസ്റ്റിക്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനുള്ള റീസൈക്ലേഴ്സിനാണ് നൽകുന്നത് എന്ന് ഉറപ്പാക്കുക.

4) റാഗ് പിക്കേഴ്സ് ഉൾപ്പെടെയുള്ളവരെ പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യുന്നതിന് ഉപയോഗിക്കുക.

5) പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കാൻ അനുവദിക്കാതിരിരിക്കുക.

6) പ്ലാസ്റ്റിക് ഉൽപാദകരുടെ സഹായത്തോടെ പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്നതിനുള്ള സെന്റർ നിർമ്മിക്കുക.

7) പ്ലാസ്റ്റിക് പുനചംക്രമണം ചെയ്തശേഷമുള്ള അവശിഷ്ടങ്ങൾ 2000-ത്തിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ് റൂളിൽ പറയുന്ന പ്രകാരം ലാൻഡ് ഫിൽ ചെയ്യുക.

8) പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

9) പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്ന സംവിധാനം IS 14534:1998 പ്രകാരമായിരിക്കേണ്ടതാണ്.

10) മാലിന്യ സംസ്ക്കരണത്തിനുള്ള ജീവനക്കാരെ നിയമിക്കുക, മാലിന്യ നിക്ഷേപത്തിനുള്ള ബിന്നുകൾ ഏജൻസികൾ, മാലിന്യം സ്വീകരിക്കുന്നതിനുള്ള കളക്ഷൻ സെന്ററുകൾ, വാഹനങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ, വികേന്ദ്രീകൃത സ്വഭാവത്തിലുള്ള പ്ലാന്റുകൾ എന്നിവ സജ്ജീകരിക്കുകയും ചെയ്യുക, ഉറവിട കമ്പോസ്റ്റിംഗ് പരമാവധി പ്രോത്സാഹിപ്പിക്കുക എന്നിവയെല്ലാം.

11) മാലിന്യ സംഭരണ വാഹനങ്ങളുടെ യാത്ര, ചാർട്ടുകൾ മാലിന്യങ്ങൾ ശേഖരിക്കുന്ന സമയം എന്നിവ നിശ്ചയിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

12) സ്വകാര്യ സംവിധാനങ്ങൾ ഉപയോഗിച്ച് കമ്പോസ്റ്റിംഗ് നടത്തുന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

13) തരംതിരിച്ച് വീടുകളിൽ/സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന മാലിന്യങ്ങൾ റസിഡന്റ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, തൊഴിലാളികൾ എന്നിവരെ ഉപയോഗിച്ച് തരംതിരിച്ച് സംഭരിക്കുകയും മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുക.

14) ഖരമാലിന്യ ശേഖരണം, ദ്രവമാലിന്യ സംസ്ക്കരണം എന്നിവയുമായി ബന്ധപ്പെട്ട് വ്യക്തികൾ/സ്ഥാപനം/സംഘടന എന്നിവരിൽ നിന്നും നഗരസഭയോ, നഗരസഭ

ചുമതലപ്പെടുത്തുന്ന ഏജൻസിയോ സ്വീകരിക്കേണ്ട സേവന സംബന്ധിയായ നിരക്കുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുക.

15) നഗരസഭ നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയത്തും മാലിന്യ സംഭരണവും നിർമ്മാർജ്ജനവും നടത്തുന്നതിന് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലേക്ക് അറിവ് നൽകുകയും ചെയ്യൽ.

16) ഓരോ വാർഡിലെയും ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ വാർഡ്തല സാനിട്ടേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ.

17) സേവനങ്ങൾ, സാമഗ്രികൾ എന്നിവക്കായുള്ള ടെണ്ടറുകൾ ക്ഷണിക്കൽ, ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട സേവനങ്ങൾ, സാമഗ്രികൾ എന്നിവക്കായി പരസ്യം ചെയ്യുക, ടെണ്ടറുകൾ ക്ഷണിക്കുക തുടങ്ങിയവ നഗരസഭാ സെക്രട്ടറിയുടെ പേരിലും ഉത്തരവാദിത്വത്തിലും ആയിരിക്കുന്നതാണ്.

18) നഗരസഭ അനുശാസിക്കുന്ന രീതിയിലാണ് ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ ഏതു സമയത്തും, ഏതു സ്ഥലവും, സ്ഥാപനവും പരിശോധിക്കുവാനും നിയമലംഘനം നടക്കുമ്പോൾ പിഴ ഈടാക്കുവാനും ഹെൽത്ത് ഇൻസ്പെക്ടർമാർക്കും, അതാത് വാർഡുകളുടെ ചുമതല വഹിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും അധികാരമുണ്ടായിരിക്കുന്നതും, സവിശേഷ സാഹചര്യങ്ങളിൽ നഗരസഭാ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഏതൊരു നഗരസഭാ ഉദ്യോഗസ്ഥനും ആ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

19) സുതാര്യതയും സാമൂഹ്യപ്രതിബന്ധതയും ഉറപ്പു വരുത്തുന്നതിനായി പൊതുജനങ്ങൾക്ക് എത്തിച്ചു കൊടുക്കേണ്ട അടിസ്ഥാന വിവരങ്ങൾ നഗരസഭയുടെ നോട്ടീസ് ബോർഡുകൾ, വെബ്സൈറ്റ് എന്നിവിടങ്ങളിൽ ലഭ്യമായിരിക്കുന്നതും (www.adoormunicipality.in) ആയത് പുതുക്കുന്നതിനുള്ള ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറി, ടെക്നിക്കൽ ഓഫീസർ എന്നിവരിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യുന്നതാണ്.

20) ഈ വിജ്ഞാപന പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പിനും വിജയത്തിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സർക്കാർ, സർക്കാരിതര, അർദ്ധ സർക്കാർ ഏജൻസികൾ എന്നിവരെ ബന്ധപ്പെടുത്തുവാനുള്ള അവകാശവും സ്വാതന്ത്ര്യവും നഗരസഭക്ക് ഉണ്ടായിരിക്കുന്നതാണ്.

**21) വഴിവാണിഭക്കാർ, കാൽനട കച്ചവടക്കാർ എന്നിവർക്കുള്ള നിബന്ധനകൾ:-**

ഇവർ കച്ചവട സ്ഥലങ്ങളിലും കേന്ദ്രങ്ങളിലും മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുകയും നഗരസഭാ ജീവനക്കാർ/നിയുക്ത ഏജൻസിക്ക് കൈമാറേണ്ടതാണ്.

22) വളർത്തു മൃഗങ്ങളുടെ വിസർജ്യങ്ങൾ, അവയെ കുളിപ്പിക്കുകയും, അവയുടെ വാസസ്ഥലങ്ങൾ വൃത്തിയാക്കുന്ന മലിനജലം എന്നിവ പൊതുനിരത്തിലേക്ക് /ഡ്രെയിനിലേക്ക് ഒഴുക്കുന്നത് ശിക്ഷാർഹമാണ്. അവയെ ഉടമ സ്വന്തം സ്ഥലത്ത്

തന്നെ സംരക്ഷിക്കേണ്ടതും അവ അലഞ്ഞു തിരിഞ്ഞ് നടക്കുന്നത് കണ്ടാൽ അതിനെനെതിരെ നടപടി സ്വീകരിക്കുവാൻ നഗരസഭക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

**23) ചില വസ്തുക്കളുടെ ഉപയോഗം നിയമംമൂലം നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യൽ :-**

പൊതുജനാരോഗ്യത്തിന് ഉപദ്രവമെന്ന് ബോധ്യപ്പെടുന്ന വസ്തുക്കളുടെ സംഭരണവും ഉപയോഗവും നഗരസഭാ പരിധിക്കുള്ളിൽ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാൻ നഗരസഭക്ക് അധികാരമുണ്ട്.

ഉദാ– 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് കവറുകൾ, സർക്കാർ നിയന്ത്രണം ബാധകമായുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്ക് പുറമേ, പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയ ഡിസ്പോസിബിൾ ഗ്ലാസുകൾ, കപ്പുകൾ, പ്ലേറ്റുകൾ, തെർമോക്കോൾ പ്ലേറ്റുകൾ എന്നിവ നഗരപരിധിക്കുള്ളിൽ ഉപയോഗിക്കുന്നതും, പ്ലാസ്റ്റിക് കിറ്റുകളിൽ പൊതിഞ്ഞ് മാലിന്യം വലിച്ചെറിയുന്നതും ഈ വിജ്ഞാപന പ്രകാരം ശിക്ഷാർഹമായി പ്രഖ്യാപിക്കുന്നു.

**24) മാലിന്യശേഖരണ ഫീസ് :-**

വേർതിരിച്ച് മാലിന്യം ശേഖരിക്കുന്നതിനുള്ള പ്രതിമാസ ഫീസ് ആവശ്യം വരുന്ന പക്ഷം കൗൺസിലിന്റെ അനുവാദത്തോടെ നഗരസഭാ സെക്രട്ടറി അപ്പോഴപ്പോൾ തീരുമാനിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതുമായിരിക്കും. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വലിപ്പമനുസരിച്ചുള്ള വില അനുബന്ധം I -ൽ അടക്കം ചെയ്യുന്നു.

## അനുബന്ധം- I

ക്യാരി ബാഗുകൾക്ക് നിശ്ചയിച്ച വില.

| ക്രമനം. | വലുപ്പം | കുറഞ്ഞ വില |
|---|---|---|
| 1. | ഇഞ്ച് 13x16 വരെ | 5/- |
| 2. | ഇഞ്ച് 16x20 വരെ | 7/- |
| 3. | ഇഞ്ച് 20x26 വരെ | 8/- |
| 4. | ഇഞ്ച് 24x30 വരെ | 9/- |
| 5. | ഇഞ്ച് 24x30 ൽ കൂടുതൽ | 10/- |

N.B: **കേരള മുനിസിപ്പാലിറ്റീസ് ആക്ടിൽ ഉണ്ടാകുന്ന ഭേദഗതികൾ കൂടാതെ സർക്കാർ ഉത്തരവുകളും ഈ ബൈലോക്ക് ബാധകമായിരിക്കുന്നതാണ്.**